# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3823 21.06.2019-ൽ മറുപടിയ്ക്ക്

**ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി സാമ്പത്തിക നഷ്ടം**

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) വരുമാന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ പ്രതീക്ഷിച്ച 22% വർദ്ധനവ് ഉണ്ടായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ ഉൾപ്പെടെ 14% നികുതി വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. |
| (ബി) | പല ഉൽപ്പന്നങ്ങളുടെയും നികുതി കുറഞ്ഞെങ്കിലും വിലക്കുറവ് അനുഭവപ്പെട്ടു ന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെ ങ്കിൽ അത് എന്തുകൊ ണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഉണ്ട്. പല ഉൽപ്പന്നങ്ങളുടെയും നികുതി കുറഞ്ഞെങ്കിലും വിലക്കുറവ് അനുഭവപ്പെ ടുന്നില്ല എന്ന പരാതി വലിയ തോതിൽ പൊതുജനങ്ങളിൽ നിന്നും ലഭിച്ചിട്ടി ല്ലെങ്കിലും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഈ വിഷയത്തിൽ സംസ്ഥാനമൊട്ടാകെ സർവ്വേ നടത്തു കയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് കമ്മിറ്റിക്ക് കൈമാറുകയുമുണ്ടായി. പ്രസ്തുത കേസുകളിൽ 25 എണ്ണം വിശദമായ അന്വേഷണ ത്തിന് ശേഷം തീർപ്പ് കല്പിക്കുകയും ആന്റി പ്രോഫിറ്റീയറിംഗ് നിയമപ്രകാരം ഉപഭോക്താക്കൾക്ക് ജി.എസ്.ടി. യുടെ ആനുകൂല്യം കൈമാറാത്ത മൂന്ന് കച്ചവടക്കാർക്കെതിരെ ഏകദേശം 14 ലക്ഷം രൂപ പലിശ സഹിതം അടയ്ക്കുവാൻ നിർദ്ദേശം നൽകിയിരിക്കുകയുമണ്. ബാക്കിയുള്ള കേസുകൾ അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ